**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2326**

**05-11-2019 ൽ മറുപടിക്ക്**

**കിഫ്ബിയിൽ കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ**

| ചോദ്യം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ എത്ര വാഹനങ്ങൾ എടുത്തിട്ടുണ്ടെന്ന് അതിന്റെ മോഡൽ സഹിതം വിശദമാക്കുമോ; | കിഫ്ബിയിൽ നിലവിൽ 9 വാഹനങ്ങളാണ് കരാർ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ളത്. ആയതിന്റെ മോഡൽ ചുവടെ ചേർക്കുന്നു.<br>ഇന്നോവാ ക്രിസ്റ്റാ - 3<br>റ്റൊയോട്ടാ എറ്റിയോസ് - 3<br>ഹോണ്ടാ സിറ്റി - 1<br>മഹീന്ദ്രാ ബൊലേറൊ - 2 |
| (ബി) 2016, 2017, 2018, 2019 (സെപ്റ്റംബർ 30 വരെ) എന്നീ വർഷങ്ങളിൽ വാഹനങ്ങൾ കരാറിലെടുത്തതിന്റെ വകയിൽ എത്ര തുക ചെലവായെന്ന് അറിയിക്കുമോ; | വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ എടുത്ത വകയിൽ ചിലവായതിന്റെ വിവരം ചുവടെ ചേർക്കുന്നു.<br>2016-17 - 3,60,000/-രൂപ<br>2017-18 - 13,56,320/-രൂപ<br>2018-19 - 33,95,858/-രൂപ<br>2019-20 - 22,87,467/-രൂപ<br>(2019 സെപ്റ്റംബർ 30 വരെ) |
| (സി) കിഫ്ബിയിൽ വാഹനങ്ങൾ ഏതൊക്കെ തലത്തിലെ ഉദ്യോഗസ്ഥർക്കാണ് ഉപയോഗിക്കുവാൻ നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | 14.02.2017 ലെ സ.ഉ.(കൈ) നം.77/2017/ധന ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ വാഹനം അനുവദനീയമായ ഉദ്യോഗസ്ഥർക്ക് ആയത് ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന വാഹനങ്ങൾ കേരളത്തിൽ ഉടനീളം പുരോഗമിച്ചു വരുന്ന കിഫ്ബി പദ്ധതികളുടെ ഇൻസ്പെക്ഷൻ ഉൾപ്പെടെ കിഫ്ബിയുടെ വിവിധ വിഭാഗങ്ങളുടെ ഔദ്യോഗിക ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നു. |
| (ഡി) ധനകാര്യ വകുപ്പിന്റെ ഇതുസംബന്ധിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിലാണോ കിഫ്ബിയിൽ വാഹനങ്ങൾ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ? | കാലാകാലങ്ങളിൽ വകുപ്പുകൾ വാഹനങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന സർക്കുലറുകളുടെ അടിസ്ഥാനത്തിലാണ് കിഫ്ബിയിൽ വാഹനങ്ങൾ ഉപയോഗിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**